

മുൻപേ പറക്കുന്ന പക്ഷികൾ
സി. രാധാകൃഷ്ണൻ
സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.

അവബോധത്തിന്റെ മിന്നൽപ്പിണരുകൾ

സ്കറിയാ സക്കറിയാ

പൗരന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ ബോധമണ്ഡലങ്ങൾ പരസ്പരബന്ധമില്ലാത്ത അറകളായി നിലനിൽക്കുന്നതു വല്ലാത്ത ദുരന്തമായി ഇന്നു നാം മനസിലാക്കുന്നു. ഭാരതീയ നവോത്ഥാനത്തിനുതന്നെ ഇതു പ്രതിബന്ധമായിരിക്കയാണ്. ആ നിലയ്ക്കു സാംസ്കാരിക മാധ്യമങ്ങളിലൂടെയുള്ള രാഷ്ട്രീയ പര്യാലോചനകൾക്കും രാഷ്ട്രീയമണ്ഡലത്തിലെ സാംസ്കാരിക പര്യേഷണങ്ങൾക്കും സവിശേഷ പ്രാധാന്യമുണ്ട്. ഈ ബോധ്യത്തോടുകൂടിയാണ്, സി. രാധാകൃഷ്ണന്റെ 'മുമ്പേ പറക്കുന്ന പക്ഷികൾ' എന്ന ബൃഹദ് നോവൽ വായിച്ചുതുടങ്ങിയത്. നോവലിന്റെ പ്രാരംഭത്തിൽ 'കാതുള്ളവരുടെ കേൾവിക്കുവേണ്ടി' (അതാണ് ആമുഖ പ്രസ്താവത്തിന്റെ ശീർഷകം) 'ഈ നോവൽ അല്പം മുമ്പേയാണു പറക്കുന്നത്. പലരുടെയും കണ്ണിൽപ്പെട്ടില്ലെന്നുവരാം. നമ്മുടെ നോട്ടം മിക്കവാറും കിഴക്കും വടക്കും പടിഞ്ഞാറും തെക്കുമാണല്ലോ. അവിടങ്ങളിലുള്ളവർ കാൽച്ചുവട്ടിൽ · മാത്രവും നോക്കുന്നു!' എന്ന് എഴുതിക്കണ്ടപ്പോൾ ഉൽസാഹവും പ്രതീക്ഷയും വർധിച്ചു. 'എന്റെ മനസ് ഒരു സമതുലനത്തിന്റെ സാധ്യതയിലേക്കു വിരൽ ചൂണ്ടുന്നു. മുമ്പേ പറന്നുപോകുന്ന പക്ഷികളെ പിൻതുടരുക' എന്ന നോവലിസ്റ്റിന്റെ ഉപദേശം മനസിൽനിന്ന് ഒഴിയാതെനിന്നു.

നോവൽ വായിച്ചവസാനിപ്പിച്ചപ്പോഴാകട്ടെ, നോവലിസ്റ്റ് ചൂണ്ടിക്കാട്ടിയ പക്ഷിയുടെ പിന്നാലെ പറക്കാൻ മോഹം തോന്നിയില്ല എന്നതാണു സത്യം. സമതുലനത്തിന്റെ രാജപാത മനസിൽ തെളിഞ്ഞുകണ്ടതുമില്ല. എങ്കിലും ആ നോവൽ നൽകിയ അനുഭവം വിശിഷ്ടമായിരുന്നു. നോവലിന്റെ വികാരോജ്ജ്വലമായ പ്രവാഹത്തിലേക്കു വീണ്ടും ഇറങ്ങിനിൽക്കാൻകൂടി മോഹംതോന്നി. വായനയുടെ മണിക്കൂറുകൾ, വികാരവിചാരങ്ങളുടെ പ്രവാഹത്തിൽനിന്നു പിണങ്ങിപ്പിരിഞ്ഞൊഴുകിയിരുന്നുമില്ല. അത്യന്തം വൈകാരികമായ പ്രതിപാദനശൈലിയായിരിക്കുമോ ചിന്തയുടെ ഗിരിശൃംഗങ്ങളെ വലംവച്ച് ഒഴുകിയൊഴിഞ്ഞു പോകാൻ മനസിനെ പ്രേരിപ്പിച്ചത്? നോവലിൽ അങ്ങിങ്ങു വഴിതടഞ്ഞുനിന്നിരുന്ന ചർച്ചയുടെ കരിമ്പാറക്കൂട്ടങ്ങൾ വികാരപ്രവാഹത്തെ സ്വാധീനിച്ചതേ ഇല്ല എന്നു പറയാമോ? ഇത്തരമൊരു പുനരാലോചനയുടെ ഫലമായി മനസിൽ ചിതറിവീണ ചിന്തകളാണ് ഇവിടെ കുറിക്കുന്നത്.

ഇതിവൃത്തവും കഥാപാത്രങ്ങളുടെ സ്വഭാവവിശേഷങ്ങളും എന്തിനു പ്രമേയംതന്നെയും പരിഗണിച്ചാൽ ഇതൊരു 'മുമ്പേ പറക്കുന്ന നോവലാണെ'ന്നു സമ്മതിക്കാൻ നിവൃത്തിയില്ല. ഒ. വി. വിജയൻ, ആനന്ദ്, സി. ആർ. പരമേശ്വരൻ എന്നിവരെല്ലാം പരിചയപ്പെടുത്തിത്തന്ന ഭൂമികയിൽത്തന്നെയാണു 'മുമ്പേ പറക്കുന്ന പക്ഷികളും' നമ്മെ എത്തിക്കുന്നത്. എങ്കിലും നോവലിസ്റ്റിനോടൊപ്പം കൗതുകപൂർവം വായനക്കാരൻ ഇവിടെ സഞ്ചരിക്കുന്നു. എന്തായിരിക്കാം ഇതിന്റെ രഹസ്യം?

മാധ്യമംതന്നെ പ്രമേയം' എന്ന പ്രസിദ്ധമായ ചൊല്ലിന്റെ പൊരുൾ ഉൾക്കൊള്ളുന്നവർക്ക് അത്യന്തഹൃദ്യമായി അനുഭവപ്പെടാവുന്ന നോവലാണു സി. രാധാകൃഷ്ണന്റെ മുമ്പേ പറക്കുന്ന പക്ഷികൾ. സാഹിത്യത്തിലെ രൂപഭാവപ്പൊരുത്തത്തെക്കുറിച്ചുള്ള അവസാനവാക്കു രൂപഭദ്രതാ വാദമാണെന്നു കരുതുന്ന പാരമ്പര്യവാദികൾക്ക് അത്രപെട്ടെന്നു ദഹിക്കുന്നതല്ല മേല് പറഞ്ഞ സിദ്ധാന്തം. ഭാവരൂപങ്ങൾ അവിഭാജ്യങ്ങളാണെന്ന വാദത്തിൽനിന്ന് ഏറെ മുന്നോട്ടുപോയിട്ടുവേണം മാധ്യമംതന്നെ പ്രമേയം എന്നു പ്രസ്താവിക്കാൻ. നവീന ശില്പ ചിത്രകലകളുടെ ആസ്വാദനത്തിൽ തികച്ചും അനുപേക്ഷണീയമായ ധാരണയാണ് ഈ ചൊല്ലിലുള്ളത്. ഈ ചിത്രത്തിന്റെ അർത്ഥം എന്താണ്, ഈ ശില്പത്തിന്റെ പൊരുൾ എന്താണ് എന്ന് അന്വേഷിക്കുന്നവരോട് ഈ കലാസൃഷ്ടിതന്നെ ഇതിന്റെ പൊരുൾ എന്നു നിർബന്ധപൂർവം പറയേണ്ടിവരുന്നു.

കലാസൃഷ്ടിയിൽ അഭിരമിച്ചു ഹൃദയത്തിൽ അർത്ഥങ്ങൾ സംഗ്രഹിക്കാൻ ആസ്വാദകന് അവശ്യംവേണ്ട ഗുണം സഹൃദയത്വമാണ്. പാണ്ഡിത്യമോ ഭാഷാവൈഭവമോ സഹൃദയത്വത്തിനു പകരമാകുകയില്ല. പരസ്യകല, മാധ്യമംതന്നെ സന്ദേശം എന്ന തത്ത്വം അതിസമർത്ഥമായി വാണിജ്യകാര്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്. സമർത്ഥരായ ഭരണാധികാരികൾ ടെലിവിഷൻ, റേഡിയോ മറ്റു ബഹുജനസമ്പർക്ക മാധ്യമങ്ങൾ എന്നിവയിലൂടെ ബുദ്ധിയുടെ മാധ്യസ്ഥ്യമില്ലാതെ ധാരണകൾ സൃഷ്ടിക്കുന്നു. അങ്ങനെ സരളഹൃദയരെ ചൂഷണംചെയ്യാൻകൂടി മാധ്യമത്തെ സന്ദേശമാക്കി ഉപയോഗിക്കുന്ന കാലഘട്ടത്തിലാണു നാം ജീവിക്കുന്നതെങ്കിലും ഇതൊന്നും' അപഗ്രഥിക്കാൻ ഒരുമ്പെടാത്ത ധാരാളം 'വിജ്ഞാനികൾ' നമ്മുടെ നാട്ടിലുണ്ട്. മാധ്യമം സന്ദേശമാക്കി അവതരിപ്പിക്കുന്ന സൃഷ്ടികൾ വികലരചനകളായിട്ടായിരിക്കാം അവർ സ്വീകരിക്കുക. അവർക്ക് എല്ലാം യുക്തിയുടെയും ബോധത്തിന്റെയും തലങ്ങളിൽ സ്വീകാര്യമാംവിധം

പാകപ്പെടുത്തി നൽകേണ്ടിവരുന്നു. അനുവാചകസമൂഹത്തിന്റെ ഈ മാനസികസവിശേഷതകൾ കണക്കിലെടുത്ത് എല്ലാവരെയും തൃപ്തിപ്പെടുത്താൻ കഴിയുന്ന തരത്തിൽ രചന നടത്തുന്ന നോവലിസ്റ്റാണല്ലോ സി. രാധാകൃഷ്ണൻ. അദ്ദേഹത്തിനു സാമാന്യം നല്ല സ്വീകരണമാണു നോവൽ വായനക്കാർ നൽകിപ്പോരുന്നത്.

ജനകീയത എന്നു മുദ്രകുത്തി നോവലുകളുടെ പ്രചാരത്തെ ഇകഴ്ത്തുന്ന ആഢ്യന്മാരുണ്ടാകാം. നോവൽ എന്ന സാഹിത്യരൂപം ഏറ്റവും ജനകീയമായ സാഹിത്യരൂപമാണെന്ന കാര്യം മറന്നുകൂടാ. തന്മൂലം കൃതിയുടെ സ്വീകാര്യത ഉറപ്പുവരുത്താൻ നോവലിസ്റ്റു നടത്തുന്ന ചില ശ്രമങ്ങൾ ഔദാര്യപൂർവം പരിഗണിക്കേണ്ടിവരുന്നു. ഒരു കൃതിക്കോ എഴുത്തുകാരനോ ലഭിക്കുന്ന ജനപ്രീതി അതിൽതന്നെ എന്തോ സാരമായ പോരായ്മയാണെന്ന ധാരണ തികച്ചും നിരാസ്പാദമാണ്. ജനപ്രീതി നഷ്ടപ്പെടുത്താതെതന്നെ ശ്രേഷ്ഠമായ നോവൽരചനയിൽ ഏർപ്പെടാനുള്ള സാഹസികോദ്യമങ്ങളാണു സി. രാധാകൃഷ്ണന്റെ നോവലുകൾ.

കൗതുകകരമായ കഥയ്ക്കുവേണ്ടി നോവൽ വായിക്കുന്നവർ ധാരാളമുണ്ട്. അത്തരക്കാരുടെ ദൗർബല്യം വേണ്ടുംവണ്ണം ദുരുപയോഗിച്ചു സംഭവബഹുലമായ കഥകൾ എഴുതി മികച്ച നേരമ്പോക്കു രചനക്കാരായി വിരാജിക്കുന്നവർ ധാരാളമുണ്ടല്ലോ. എന്നാൽ വായനക്കാരുടെ ജിജ്ഞാസയുണർത്തുന്ന ഉദ്വേഗജനകമായ രചനകളെല്ലാം ഇത്തരം നേരമ്പോക്കുരചനകളായി പരിഗണിക്കാനാവില്ല. സി. വി. രാമൻപിള്ളയുടെ നോവലുകൾതന്നെ നല്ല ഉദാഹരണങ്ങൾ. നോവലിന്റെ ജനകീയസ്വഭാവം കണക്കിലെടുത്ത് ഉദ്വേഗജനകമായവിധത്തിൽ ഇതിവൃത്ത സംവിധാനം നിർവഹിക്കാൻ സി. വി. ഒരുമ്പെട്ടു. കഥാഗതി, സംഭാഷണശൈലി എന്നിവയിൽ കൃത്രിമമെന്നു വിശേഷിപ്പിക്കാവുന്ന തരത്തിലുള്ള വ്യതിയാനങ്ങൾ സി. വി. വരുത്തിയിട്ടുണ്ട്.

സി. രാധാകൃഷ്ണന്റെ നോവൽ ജനപ്രീതിക്ക് അവശ്യംവേണ്ട സ്തോഭജനകത്വം എങ്ങനെ നിലനിർത്തിയിരിക്കുന്നു എന്നു കാണുമ്പോഴാണ് ഈ പശ്ചാത്തലവിവരണത്തിനു പ്രസക്തിയുണ്ടാവുക. അന്നു രാവിലത്തെ പോസ്റ്റിൽ ലഭിച്ച അജ്ഞാതന്റെ കത്തിലെ സൂചന അനുസരിച്ച് അയാളുടെ ഒളിയിടത്തിലേക്ക് ഏകനായി കടന്നുചെല്ലുന്ന പത്രപ്രവർത്തകന്റെ ചലനങ്ങളാണു നോവലിന്റെ ഒന്നാം അധ്യായത്തിലുള്ളത്. ഹൊറർ ചിത്രങ്ങളും അപസർപ്പകനോവലുകളും ശീലിച്ചിട്ടുള്ളവർക്കു പുതുമയൊന്നും തോന്നാനിടയില്ലെങ്കിലും സാധാരണ വായനക്കാർക്ക് ഉദ്വേഗജനകമായിരിക്കും നോവലിന്റെ പ്രാരംഭം.

നോവലിന്റെ അവസാന അധ്യായവും നാടകീയത മുറ്റിനിൽക്കുന്നതാണ്. അപസർപ്പക നോവലുകളിൽ ആരും പ്രതീക്ഷിക്കാത്ത വ്യക്തി യഥാർത്ഥ ക്രിമിനലാണെന്നു തെളിയുമ്പോൾ ഉണ്ടാകുന്ന ക്ഷോഭം, അതേതോതിലും തരത്തിലും ഈ അധ്യായത്തിലുണ്ട്. നോവലിലെ വക്താവായ പത്രപ്രവർത്തകന്റെ വീട്ടുവേലക്കാരനായി വേഷംകെട്ടി നടന്നിരുന്ന യുവാവാണു നോവലിലെ നായകനായ വിപ്ലവകാരി അർജുനൻ എന്നു വരുമ്പോൾ വായനക്കാർ സംഭ്രമാധീനരാകും. മുഖ്യപത്രാധിപരും അർജുനന്റെ സഹോദരിയുമെല്ലാം രഹസ്യം മറച്ചുവച്ചുകൊണ്ടു നാടകം അഭിനയിക്കയായിരുന്നു എന്നുകൂടി വ്യക്തമാകുമ്പോൾ വായനക്കാർ അദ്ഭുതപ്പെട്ടുപോകാതിരിക്കില്ല. അങ്ങനെ നോവൽ നമ്മെ അദ്ഭുതരസത്തോളം എത്തിക്കുന്നു. ഇത്തരം കൃത്രിമത്വങ്ങൾ മികച്ച സാഹിത്യരചനകൾക്ക് ഇണങ്ങുന്നതല്ല എന്ന പൂർവപക്ഷത്തിനു സാധ്യതയുണ്ട്. എങ്കിലും ഉള്ളതുപറയണമല്ലോ, ഇത്തരം അദ്ഭുതകഥകൾക്കു നല്ല വശീകരണശക്തിയുണ്ട്. വായനക്കാരന്റെ ക്ഷുദ്രമായ ജിജ്ഞാസയെയും അദ്ഭുതരസത്തിലുള്ള കമ്പത്തെയും നോവലിസ്റ്റ് പ്രയോജനപ്പെടുത്തുന്നു എന്നു കരുതിയാൽ മതി.

> സമകാലിക ഭാരതീയാവസ്ഥയോടുള്ള നോവലിസ്റ്റിന്റെ പ്രതികരണമെന്ന് ഈ നോവലിനെ വിശേഷിപ്പിക്കാം.

വിശ്വാസ്യതയുടെ സീമയ്ക്ക് അപ്പുറത്ത് യഥാർഥമല്ലാത്ത കാര്യങ്ങൾ അവതരിപ്പിക്കുന്നതു സാഹിത്യോചിതമല്ല എന്ന ധാരണ ഇന്നു സർവാദൃതമായി കാണപ്പെടുന്നില്ല. മാജിക്കൽ റിയലിസം, മാന്ത്രികപ്രഭയുള്ള വിവരണങ്ങളിലൂടെയാണല്ലോ തീക്ഷ്ണസത്യങ്ങൾ അവതരിപ്പിക്കുന്നത്. ഇവിടെ, ക്ഷുദ്രമായ കെട്ടുകഥയും അവിശ്വസനീയമായ കഥാംശങ്ങൾ ഉൾക്കൊള്ളുന്ന സാഹിത്യസൃഷ്ടിയും വ്യതിരിക്തങ്ങളാവുന്നതു തീക്ഷ്ണസത്യങ്ങളുടെ സാന്നിധ്യംകൊണ്ടാണ്. മാർക്കേസിന്റെ ഏകാന്തതയുടെ നൂറു വർഷങ്ങളിൽ അവിശ്വസനീയങ്ങളായ കഥാംശങ്ങളുണ്ടെങ്കിലും ആകൃതി അനുവാചകനു പകർന്നുകൊടുക്കുന്ന സത്യത്തിന്റെ തീക്ഷ്ണതയിൽ കൃത്രിമാംശങ്ങൾ വിസ്മരിക്കപ്പെടുന്നു. ചുരുക്കത്തിൽ, സി. രാധാകൃഷ്ണന്റെ നോവൽ വിലയിരുത്തുമ്പോൾ, ആ കൃതിയിൽ ആഖ്യാനചാതുരിക്കുവേണ്ടി ഇണക്കിച്ചേർത്തിരിക്കുന്ന ഉദ്വേഗജനകങ്ങളായ അംശങ്ങൾ വേർതിരിച്ചെടുത്ത് ഔചിത്യവിചാരം നടത്തുന്നതു ഭംഗിയാവില്ല. ഈ അംശങ്ങളാവണം പ്രസ്തുതകൃതിക്കു വ്യാപകമായ ജനകീയ അംഗീകാരം നേടിക്കൊടുക്കുന്നത് എന്നു മാത്രം പറയാം.



സ്കറിയ സക്കറിയ

ആദർശശാലിയായ ഏതു ഭാരതപൗരന്റെയും പ്രതിനിധിയാണു നോവലിലെ വക്താവായ പത്രപ്രവർത്തകൻ. ഇന്നു ഭാരതത്തിൽ ധർമ്മബോധമുള്ള ഒരു പൗരൻ നേരിടാവുന്ന ഭൗതികവും ആത്മീയവുമായ മിക്ക സംഘർഷങ്ങളും നോവലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. സമകാലിക ഭാരതീയാവസ്ഥയോടുള്ള നോവലിസ്റ്റിന്റെ പ്രതികരണം എന്ന് ഈ നോവലിനെ വിശേഷിപ്പിക്കാം.

വിപ്ലവകാരിയായ അർജുനന്റെ ഡയറിയാണു നോവലിന്റെ പൂർവഭാഗം. അലസിപ്പോയ വിപ്ലവശ്രമത്തിനിടയിൽ പല ക്രൂരതകളും കാണേണ്ടിവന്ന അർജുനന്റെ അനുഭവം അയാളുടെ വാക്കുകളിലൂടെ ഡയറിക്കുറിപ്പുകളുടെ രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു. വിപ്ലവകാരികളുടെ മാനസികാവസ്ഥ, സാമാന്യം വിശദമായി അവതരിപ്പിക്കാൻ ഉപകരിക്കുന്ന പൂർവഭാഗം വെറും സംഭവവിവരണമല്ല. വിപ്ലവ പ്രസ്ഥാനങ്ങൾക്ക് ഇക്കഴിഞ്ഞ ദശകങ്ങളിലുണ്ടായ തിരിച്ചടികളെക്കുറിച്ചുള്ള നിശിതമായ വിലയിരുത്തലാണു ഡയറിയിലുള്ളത്. ഭാരതീയ പശ്ചാത്തലത്തിൽ വിപ്ലവചിന്ത നേരിടുന്ന പ്രതിരോധം, വിപ്ലവപ്രസ്ഥാനങ്ങളുടെ ലേബലിൽ നാട്ടിൽ അരങ്ങേറിയ സാമൂഹിക വിരുദ്ധരുടെകൊള്ളരുതായ്മകൾ,വിപ്ലവകാരികളിൽ ഒരുവിഭാഗത്തിനുണ്ടായ ധർമ്മച്യുതി, ആദർശശാലികളായ വിപ്ലവകാരികളുടെ ആത്മനൊമ്പരങ്ങൾ എന്നിങ്ങനെ വിപ്ലവപ്രസ്ഥാനത്തോടു ബന്ധപ്പെട്ട് അറിയാനും ചർച്ചചെയ്യാനും പ്രസക്തിയുള്ളതെല്ലാം തികഞ്ഞ ത്യാജ്യഗ്രാഹ്യ വിവേചനാശീലത്തോടുകൂടി നോവലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

സമകാലിക ഭാരതീയ ജീവിതത്തിന്റെ വിമർശനമാണു നോവലിന്റെ ഉത്തരഭാഗം. ഒരു പത്രസ്ഥാപനത്തിന്റെ പ്രവർത്തനചിത്രത്തിലൂടെ അധികാരസോപാനത്തിന്റെ പടവുകളിലെ കൊള്ളരുതായ്മകൾ നോവൽ തുറന്നുകാട്ടുന്നു. സർക്കാരിനും സമ്പന്നർക്കുംവേണ്ടി ദാസ്യവൃത്തി അനുഷ്ഠിക്കുന്ന പത്രപ്രവർത്തകർ അതിനിശിതമായി വിമർശിക്കപ്പെടുന്നു. ഉള്ളിലിരുപ്പും വാക്കും തമ്മിൽ ഒരിക്കലും പൊരു

ത്തപ്പെടുത്താത്ത രാഷ്ട്രീയക്കാരുടെ ഒരു നിരതന്നെ ഈ നോവലിലുണ്ട്. സമകാലിക സമൂഹത്തിലെ മേലാളരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ വേട്ടനായ്ക്കളെപ്പോലെ പരദ്രോഹം അനുഷ്ഠിക്കുന്ന ഗുണ്ടാസംഘങ്ങളും പോലീസുകാരും നോവലിൽ പ്രത്യക്ഷപ്പെടുന്നു.

ഇങ്ങനെ നോവലിസ്റ്റിന്റെ വിമർശനശരങ്ങൾക്കും പരിഹാസ ഭർത്സനങ്ങൾക്കും ഇരയാകാത്തവരായി ഏറെ വിഭാഗക്കാരുണ്ടാവില്ല. വിമർശനം, അതും തിളച്ചുപൊന്തുന്ന ധർമ്മരോഷവും ഭർത്സനവും കലർത്തിയുള്ള വാക്ശരപ്രയോഗം പൊതുവേ ബഹുജനങ്ങൾക്കു രസിക്കും. നിന്ദ്യമായ സംവിധാനത്തിന്റെ ദുർവഹമായ കെടുതികൾ സഹിക്കുന്ന ജനങ്ങൾക്കു മാനസികോല്ലാസത്തിന് ഇതു നല്ലൊരു മാർഗമാണല്ലോ. തനിക്ക് എതിർക്കാനും സംഹരിക്കാനും കഴിയാത്തതിനെ ആരെങ്കിലും വാക്ശരങ്ങൾകൊണ്ടെങ്കിലും മുറിപ്പെടുത്തുന്നതു കാണുമ്പോൾ അവർക്കുണ്ടാകുന്ന ആഹ്ലാദം സ്വാഭാവികംമാത്രം. ഈ ബഹുജന മനശ്ശാസ്ത്രം ഇത്രത്തോളം വിസ്തരിച്ചതു രാധാകൃഷ്ണന്റെ രചനകൾക്കുള്ള ജനകീയാടിത്തറ ഒന്നുകൂടി വെളിപ്പെടുത്താനാണ്.

കേശവദേവിന്റെ നോവലുകളിൽ മലയാളി ശീലിച്ചിട്ടുള്ള എതിർപ്പിന്റെ ചില ചിഹ്നങ്ങൾ രാധാകൃഷ്ണന്റെ കഥകളിൽ കാണാം. 'ലോകം മുഴുവനായിത്തന്നെ ഇടിച്ചുനുറുക്കി തരിപ്പണമാക്കണമെന്ന് എനിക്കു തോന്നി: 'കട്ടിലും കിടക്കയും മുറിയും വീടും തെരുവും സ്കൂളും സമസ്തവും' എന്ന് എഴുതുന്ന അർജുനൻ (മുൻപേ പറക്കുന്ന പക്ഷികൾ പുറം 35) എതിർപ്പിന്റെ നായകൻതന്നെ. അയാളുടെ ഉശിരൻ പ്രകടനങ്ങൾക്കണ്ട് കയ്യടിക്കാൻ സ്വതേ ദുർബലമനസ്കരായ നമ്മൾ തയാറാവുന്നു. നമുക്കു സാധിക്കാത്തത് അർജുനനെങ്കിലും ചെയ്യുന്നല്ലോ എന്ന ഭാവനാപരമായ സംതൃപ്തി നാം നൊട്ടിനുണയുകയുംചെയ്യുന്നു. അതായതു മലയാളിയുടെ സാമൂഹികാമർഷം, വായിച്ചും കേട്ടും അനുഭവിച്ചും അയാൾക്കുണ്ടായിട്ടുള്ള അമർഷം മുഴുവൻ, അതിശക്തമായി പ്രക്ഷേപിച്ചുകാണുമ്പോഴുണ്ടാകുന്ന ആഹ്ലാദം രാധാകൃഷ്ണന്റെ കൃതിക്കു വമ്പിച്ച പ്രചാരം ഉറപ്പു വരുത്തുന്നു.

ഇതുവരെ വിവരിച്ച അർഥതലങ്ങൾ ഉപരിപ്ലവമായ വായനയിൽ ഉള്ളിൽ തട്ടുന്നതാണ്. ഗഹനമായ വായനയ്ക്കും വകയുള്ളതാണ് മുൻപേ പറക്കുന്ന പക്ഷികൾ. അവിടെയാണ് നോവലിന്റെ രൂപശില്പം തന്നെ സന്ദേശമായി അനുഭവപ്പെടുന്നത്. നോവലിന്റെ പല ഭാഗങ്ങളും ഉപരിപ്ലവ വായനക്കാർക്കു വിരസമായ തത്ത്വകഥനമായി അനുഭവപ്പെടാം. നോവലിന്റെ സമഗ്രശില്പത്തെക്കുറിച്ചുള്ള അവബോധമില്ലാതെ ഓരോരോ ഭാഗങ്ങൾ സൂക്ഷ്മമായി വായിക്കുന്നവർക്ക് ഈ നോവൽ ക്ഷുദ്ര സിദ്ധാന്തങ്ങളുടെ പ്രദർശനശാലയായി അനുഭവപ്പെടാം. മാനവരാശി നേരിടുന്ന സാമൂഹികവും സാമ്പത്തികവും നൈതികവുമായ അനേകം പ്രതിസന്ധികളെക്കുറിച്ചുള്ള നെടുങ്കൻ വിവരണങ്ങൾ നോവലിലുണ്ട്. അവയെല്ലാം സൈദ്ധാന്തികമായി മൂല്യനിർണയം ചെയ്യാൻ ഒരു വായനക്കാരനും ക്ഷമയുണ്ടാവില്ല. അവയെല്ലാം ചേർന്നു മനുഷ്യാവസ്ഥയുടെ സങ്കീർണതയെക്കുറിച്ചുള്ള അവബോധം വായനക്കാരനിൽ സൃഷ്ടിക്കുന്നുണ്ടോ എന്നതു മാത്രമാണു പ്രസക്തമായ പ്രശ്നം. അവിടെയാണു മാധ്യമം സന്ദേശമായി പരിണമിച്ചു പ്രവർത്തിക്കേണ്ടത്.

നോവലിന്റെ പൂർവഭാഗത്തു പ്രൊഫസറും ഉത്തരഭാഗത്തു മുഖ്യ പത്രാധിപരും ആധികാരികമായി സംസാരിക്കുന്നു എന്ന പ്രതീതി നോവലിലുണ്ട്. അവരെ ചോദ്യം ചെയ്യാൻ കഥയിലെ വക്താവ് ഒരുമ്പെടുന്നില്ല. അവരുടെ പ്രസ്താവങ്ങൾക്ക് അസാധാരണമായ മൗലികതയും ആധികാരികതയും കല്പിക്കാൻ ചിന്താശീലരായ വായനക്കാർ തയ്യാറാവുമോ? പൊതുവെ ഇത്തരം തത്ത്വവിചാരക്കസർത്തുകളെക്കുറിച്ചു ചില വായനക്കാർക്കെങ്കിലും പറയാനുള്ളതു നോവലിസ്റ്റുതന്നെ അർജുനന്റെ ഡയറിയുടെ ഭാഗമായി രേഖപ്പെടുത്തിയിട്ടുണ്ട്.

'ഞങ്ങൾ ഏകാന്തതയിൽ ഉലയൂതി ഈ ആശയത്തിന്റെ പൊന്ന് ഉരുക്കി മാറ്റുകൂട്ടുമ്പോൾ ഞങ്ങളുടെ പഴയ നേതൃത്വം പലതായി നുറുങ്ങി കുറ്റാരോപണങ്ങൾ പരസ്പരം നടത്തുകയായിരുന്നു. വിമർശനങ്ങളും മറുപടികളും പത്രങ്ങളിൽ വന്നുകൊണ്ടിരുന്നു. സാങ്കേതികപദങ്ങൾകൊണ്ടു പൊരിഞ്ഞ തല്ലും കല്ലേറും. ബുദ്ധിജീവികളെന്നു സ്വയം വിളിക്കുന്ന പലരും ഈ വാഗ്വാദങ്ങളിൽ സജീവമായി പങ്കെടുത്തു പ്രശസ്തി നേടുന്നുണ്ടായിരുന്നു. സർവകലാശാലകളിലും കോളജുകളിലെ ഡിപ്പാർട്ട്മെന്റ് മുറികളിലും സുരക്ഷിതരായി കുത്തിയിരുന്നു ശമ്പളവും ലേഖനങ്ങൾക്കു പത്രങ്ങളിൽനിന്നു പ്രതിഫലവും വാങ്ങി ബാങ്കുകളിൽ നിക്ഷേപിച്ച് അവർ സിദ്ധാന്തങ്ങൾ എഴുതി. സ്കൗട്ടിംഗിനു പോയിവരുന്നവർ കൊണ്ടുവരുന്ന ഈ പത്രങ്ങളും രേഖകളും ഉറക്കെ വായിച്ചു ഞങ്ങൾ അതിലേറെ ഉറക്കെ ചിരിച്ചു. കായ്കനികൾ വേവിക്കാനുള്ള വിറകിന്റെകൂടെ ഈ കടലാസുകൾ കത്തിച്ചു. ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയാണോ സോവിയറ്റ് കമ്യൂണിസ്റ്റ്പാർട്ടിയാണോ ഇന്ത്യയിലെ പ്രസ്ഥാനത്തിനു മാതൃകയാകേണ്ടത് എന്ന ചോദ്യത്തിനു കടുകു കീറി ഉത്തരം കാണാൻ ശ്രമിക്കുന്ന നീണ്ട ലേഖനം വന്ന പത്രം കത്താൻപോലും കൂട്ടാക്കാതെ കരിഞ്ഞുപുകഞ്ഞു പൊടിയായി. അർജുനന്റെ ഡയറിയിലെ നിന്ദാഗർഭമായ വാക്കുകൾ, വിശേഷിച്ച് അവസാനത്തെ ഫലിതമയമായ കലാശക്കൊട്ടു കേട്ടു വായനക്കാരൻ പൊട്ടിച്ചിരിക്കുന്നു. നോവലിലെ ഇരുപത്തിമൂന്നു മുതൽ 25 വരെയുള്ള അധ്യായങ്ങളിലെ പ്രൊഫസറുടെ പ്രഭാഷണം അടുപ്പിലിട്ടാൽപോലും പുകഞ്ഞുകത്തുകയില്ല എന്നു തോന്നുന്നതുകൊണ്ടാവണം വായനക്കാരൻ പൊട്ടിച്ചിരിക്കുന്നത്! യാത്രാസൗകര്യം കുറവുള്ളിടത്തു വല്ലപ്പോഴും വന്നുചേരുന്ന വാഹനത്തിൽ കയറിക്കൂടാനും കയറിക്കൂടിയാൽ എങ്ങനെയും ഉറച്ചുനിൽക്കാനും വ്യഗ്രതപ്പെടുന്നവർ തമ്മിൽ പുലഭ്യം പറയുകയും ഭർത്സിക്കുകയും ചെയ്യാറുള്ളതുപോലെ മനുഷ്യാവസ്ഥയുടെ ദുരൂഹസമസ്യ വിശദീകരിക്കാനുള്ള തീവ്രശ്രമത്തിനിടയിൽ പരസ്പര ഭർത്സനം ഉപരിപ്ലവ ബുദ്ധിജീവികളുടെ സാർവത്രിക സ്വഭാവമാണല്ലോ. ലോകത്തിലെ സർവ ദുരിതങ്ങൾക്കും കാരണം മതമാണെന്നും അതല്ല വഴിപിഴച്ച മാർക്സിയൻ ഭരണകൂടങ്ങളാണെന്നും അലറിവിളിച്ചു പറയുന്നവരെ നാം സദാ കാണാറുണ്ടല്ലോ!

ജൂത ക്രൈസ്തവ ഇസ്ലാം മതങ്ങളാണു ലോകത്തിലെ അതി ഭൗതികപ്രവണതകൾക്ക് ഇന്ധനമേകുന്നതെന്നും അതേ അതിഭൗതികതയിൽ ഊന്നിനിന്നു പ്രവർത്തിച്ചതുകൊണ്ടാണ് മാർക്സിയൻവിപ്ലവ സംഘങ്ങൾ പരാജയപ്പെട്ടതെന്നും വിപ്ലവകാരിയായ പ്രൊഫസർ പ്രസംഗിക്കുമ്പോൾ, അതൊരു മഹാതത്ത്വമായി ഏറ്റുവാങ്ങാൻ സരളബുദ്ധികൾക്കു മാത്രമേ കഴിയൂ. ഒരഭിപ്രായം എന്ന നിലയായിരിക്കാം ഏറിയാൽ നല്ലൊരു വായനക്കാരൻ അത്തരം പ്രസ്താവത്തിന് കൊടുക്കുക.

പരസ്പരഭിന്നങ്ങളായ അഭിപ്രായങ്ങൾ പോലും ഒരു കൃതിയിൽ ഉൾപ്പെടുത്തുന്നതിൽ അനൗചിത്യമുണ്ടെന്നു പറഞ്ഞുകൂടാ. നോവലിന്റെ ഉത്തരഭാഗത്ത്, അർജുനന്റെ ഭാവിയെക്കുറിച്ചു പലരും നടത്തുന്ന അഭിപ്രായപ്രകടനങ്ങൾ അഭിമുഖ സംഭാഷണങ്ങളുടെ രൂപത്തിൽ നോവലിസ്റ്റ് നൽകുന്നുണ്ടല്ലോ. ഇവയിൽ ഏതാണു നോവലിസ്റ്റിന്റെ കാഴ്ചപ്പാട് എന്ന ചോദ്യം അപ്രസക്തമാണ്. നോവലിസ്റ്റ് അഭിപ്രായവും സിദ്ധാന്തവുമല്ല, അവബോധമാണു സംക്രമിപ്പിക്കുക. അതിസാഹസികരായ അർജുനനെപ്പോലുള്ള യുവാക്കൾ, സജീവ രാഷ്ട്രീയപ്രവർത്തകരുടെ ഭിന്ന ചേരികളിൽ സൃഷ്ടിക്കുന്ന പ്രതികരണങ്ങൾ വർത്തമാനകാല രാഷ്ട്രീയത്തിന്റെ പ്രവർത്തനതത്ത്വങ്ങളാണ് വെളിപ്പെടുത്തിത്തരുന്നത്. അവിടെ ഓരോ രാഷ്ട്രീയക്കാരനും അവതരിപ്പിക്കുന്ന സിദ്ധാന്തങ്ങൾക്കു താത്ത്വികപദവി കല്പിക്കുന്നതു ബാലിശമായിരിക്കും.

പിന്നെ എന്താണ് ഈ നോവലിന്റെ

ഗഹനമായ വായനയ്ക്കു വകയുള്ളതാണ് മുമ്പേ പറക്കുന്ന പക്ഷികൾ. അവിടെയാണ് നോവലിന്റെ രൂപശില്പം തന്നെ സന്ദേശമായി അനുഭവപ്പെടുന്നത്.

സി. രാധാകൃഷ്ണന്റെ നോവൽ നല്ല പത്രം പോലെയാണ്. ഉത്തമ ബഹുജനമാധ്യമംതന്നെ. കാലത്തിന്റെ അടയാളങ്ങളാണ് അതിലുള്ളത്. വിഭിന്നങ്ങളായ ദർശനങ്ങളുടെ അരങ്ങാണത്.

സമഗ്രസന്ദേശം എന്ന ചോദ്യം ബാക്കിനിൽക്കുന്നു. അതു നോവലിന്റെ സമഗ്രതയിൽനിന്നു വായനക്കാരൻ ഉൾക്കൊള്ളേണ്ടതാണ്. ഉപരിതലത്തിലുള്ള സ്തോഭജനകമായ ഇതിവൃത്തം പിന്നിട്ട് നോവലിനുള്ളിലേക്ക് കടക്കുമ്പോൾ വായനക്കാരൻ അനുഭവിക്കുന്ന സങ്കീർണതാ ബോധമാണ് നോവലിന്റെ കഴമ്പ് എന്നു തോന്നുന്നു. സങ്കീർണമായ സമസ്യകൾക്ക്, വിശേഷിച്ചു മനുഷ്യാവസ്ഥയ്ക്കു ലളിതമായ വ്യാഖ്യാനങ്ങൾ സാധ്യമല്ല. ഈ സങ്കീർണതാബോധം ദിവ്യമായ അസ്വസ്ഥതയാണ് മനസിൽ നിക്ഷേപിപ്പിക്കുക. വിപ്ലവകാരിയായ അർജുനന്റെ വിപ്ലവജീവിതകഥയും അതു പ്രസിദ്ധീകരിച്ചതിനെ തുടർന്നുണ്ടായ ക്ഷോഭങ്ങളും വായിച്ചറിയുമ്പോൾ നമ്മുടെ മനസ്സ് ദിവ്യമായ അസ്വസ്ഥത അനുഭവിക്കുന്നു. ആ ദിവ്യനൊമ്പരമാണ്, അവബോധത്തിന്റെ ഈറ്റുനോവ്.

അവബോധത്തിന്റെ പിറവിക്കു വഴിയൊരുക്കുന്ന ഈറ്റുനോവു ജനിപ്പിക്കാൻ കലാകാരൻ സ്വന്തം പ്രതിഭയുടെ തോതും തരവും അനുസരിച്ചു കലാസൃഷ്ടികൾ ഒരുക്കുന്നു. അവയിൽ ധാരാളം വൈവിധ്യമുണ്ട്. ഭാരതത്തിലെ രാഷ്ട്രീയ സാമൂഹിക ജീവിതത്തിന്റെ അപചയത്തെക്കുറിച്ചുള്ള തീവ്രാവബോധം വായനക്കാരന്റെ മനസിൽ സൃഷ്ടിക്കാൻ ധർമപുരാണത്തിൽ ഒ. വി. വിജയൻ ഉപയോഗിച്ച കലാതന്ത്രം അനന്യമാണ്. സാമ്പ്രദായികസദാചാരവും ഔപചാരികതയുടെ നിറംപിടിപ്പിച്ച വാക്കുകളും നിരാകരിച്ചുകൊണ്ടായിരുന്നു വിജയന്റെ ആഖ്യാനശൈലി മൂർച്ചയേറിയ കത്തിപോലെ അനുവാചക മനസ്സിലേക്ക് കടന്നുചെന്നത്. ആനന്ദിന്റെ നോവലുകളാകട്ടെ ആധികാരികത ദ്യോതിപ്പിക്കുന്ന ചിന്താപ്രവാഹങ്ങളായി വായനക്കാരുടെ മനസിലേക്ക് കടക്കാൻ ശ്രമിക്കുന്നു. വികാരങ്ങളിലല്ല വിചാരങ്ങളിലാണ് അദ്ദേഹത്തിന്റെ ഭാവന വിടരുക. മനുഷ്യാവസ്ഥയെക്കുറിച്ച് ആനന്ദ് എഴുതുന്നു:

'ഒരു കെട്ടിടത്തിന്റെ വിവിധ നിലകളുടെ പിൻഭാഗത്തെ ഘടിപ്പിക്കുന്ന ഒരു സ്പൈറൽ കോണി അയാളുടെ മുമ്പിൽനിന്നു. അയാൾ അതിലൂടെ മുകളിലേക്കു കയറി. ഓരോ നിലയിലും കെട്ടിടത്തിന്റെ അകത്തേക്കു കടക്കുവാനുള്ള പിൻവാതിൽ അടച്ചിരുന്നു. മുകൾഭാഗംവരെ കയറി അയാൾ മടങ്ങിവന്നു. വിരിയുന്ന വിശറിപോലെ നടുവിലെ പോസ്റ്റിൽനിന്നു തള്ളിനിൽക്കുന്ന അതിന്റെ കാസ്റ്റ് അയേൺ പടികൾ അയാളുടെ കാൽക്കീഴിൽ വിടർന്നുകൊണ്ടിരുന്നു. താൻ എന്തിന്റെയോ ഉള്ളിലേക്ക് സ്ക്രൂപോലെ തിരിഞ്ഞുകയറുകയും അതിൽനിന്നു തിരിഞ്ഞ് ഊരുകയും ചെയ്യുകയാണെന്ന് അയാൾക്കു തോന്നി. ആ കയറിയിറങ്ങലിന്റെ വഴി മുഴുവനും മനുഷ്യരുടെ സംസാരത്തിന്റെ ശകലങ്ങളും ടാപ്പിൽനിന്നു വെള്ളം വീഴുന്ന ശബ്ദവും സോപ്പിന്റെയും വേവുന്ന പരിപ്പിന്റെയും മണവും വന്നുകൊണ്ടിരുന്നു. മനുഷ്യജീവിതത്തിന്റെ നിസ്വമായ പുറംമേലാപ്പുകളിൽക്കൂടി ഉരസിക്കൊണ്ട് ഒരിക്കലും അകത്തേക്കു കയറുവാനാകാതെ മേലോട്ടും താഴോട്ടുമായി യാത്ര ചെയ്യുകയാണു താനെന്നു തോന്നി അയാൾക്ക്. അവസാനം എവിടെയോ ഒരു പടിയിൽ അയാൾ തങ്ങിയിരുന്നു.'
(മരുഭൂമികൾ ഉണ്ടാകുന്നത് പുറം 230-231)

ഗദ്യത്തിൽ വിരിഞ്ഞ ചിന്തയുടെ സുഗന്ധപുഷ്പങ്ങൾ എന്നു വിശേഷിപ്പിക്കാവുന്ന ഇത്തരം കല്പനകളിലൂടെ ആനന്ദ് നമ്മുടെ അവബോധം ആഴപ്പെടുത്തുന്നു. വിപ്ലവകാരികളുടെ ചിത്തവൃത്തികൾക്കും ആത്മീയ സംഘർഷങ്ങൾക്കും മുൻതൂക്കം നൽകിക്കൊണ്ടു മനുഷ്യേതിഹാസം അവതരിപ്പിക്കാൻ ശ്രമിച്ച സി. ആർ. പരമേശ്വരൻ ഞരമ്പുരോഗമായി വളർന്നിരിക്കുന്ന ബോധാബോധങ്ങളുടെ കണക്കില്ലാത്ത കലർപ്പായിട്ടാണ് സ്വന്തം ആഖ്യാനശൈലി അവതരിപ്പിക്കുന്നത്. കഥാനായകന്റെ ചിത്തവൃത്തികളിലേക്ക് നോവലിസ്റ്റു നമ്മെ നയിക്കുന്നു:

പെട്ടെന്ന് ആഘാതമേറ്റതുപോലെ എനിക്കു ബോധോദയമുണ്ടായി. സമയം പിന്തിരിഞ്ഞാണു പായുന്നത്. കാടത്തത്തിന്റെയും കാമാർത്തിയുടെയും അതിക്രമങ്ങളുടെയും അരാജകത്വം കലർന്ന പഴയ സംസ്കൃതികളിലേക്ക് കൊടുങ്കാറ്റുപോലെ അതു തിരിച്ചുപായുകയാണ്.... ഇതാ സി. പി. യുടെ സ്വേച്ഛാഭരണം തിരിച്ചുവരുന്നു. മെക്കാളെയും പറങ്കികളും തിരിച്ചുവരുന്നു.... ഞാൻ എന്നെത്തന്നെ മറന്നു കൈവിട്ടുപോകുന്നവയിൽ വിലപിച്ചു. എന്റെ വിലാപം വകവയ്ക്കാതെ കാലം അതിദ്രുതം പിറകോട്ടുപായുന്നു! ഞാൻ കൈയുയർത്തി മട്ടുപ്പാവിൽ നാലുഭാഗത്തേക്കും ഓടി. ഓടിയോടി ഞാൻ തളർന്നു. ഞാൻ ദയനീയമാംവിധം തട്ടിത്തെറിപ്പിക്കപ്പെട്ടു. ഒരു ആക്രന്ദനത്തോടെ നിലത്തുവീണു. ചുറ്റും ഘോരാന്ധകാരമാണ്. ഞാൻ കണ്ണുതുറന്നുനോക്കി. പകലും രാത്രിയും തിരിച്ചറിയാനാവാത്തവിധം വന്യതകലർന്ന അന്തരീക്ഷം. ഭീമാകാരങ്ങളായ വൻവൃക്ഷങ്ങൾ, അവയിൽ ഇഴയുന്ന ഭീകരസർപ്പങ്ങൾ, വന്യമൃഗങ്ങളുടെ മുരൾച്ച - അതുമാത്രം, അത്രമാത്രം. പരിഷ്കാരവും സംസ്കാരവും നഷ്ടപ്പെട്ട കമ്യൂണിലൂടെ ദിനോസാറുകൾ ഒറ്റയൊറ്റയായും പറ്റമായും അലഞ്ഞു നടന്നു' (പ്രകൃതിനിയമം പുറം 90-91)

വിഹ്വലതയുണർത്തുന്ന ഇത്തരം ചിത്രീകരണങ്ങളിലൂടെ മനുഷ്യാവസ്ഥയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുകയാണ് സി. ആർ. പരമേശ്വരൻ. ഇങ്ങനെ വായനക്കാരനെ തീവ്രാവബോധത്തിലേക്ക് നയിക്കാൻ എത്രയെത്ര സങ്കേതങ്ങളാണ് നമ്മുടെ പ്രഗല്ഭരായ നോവലിസ്റ്റുകൾ വിജയകരമായി പ്രയോഗിച്ചിട്ടുള്ളത്! സി. രാധാകൃഷ്ണൻ സ്വന്തം എന്നു വിശേഷിപ്പിക്കാവുന്ന ഒരു ശൈലി കണ്ടെത്തിയാണു കാതലായ പ്രമേയം അവതരിപ്പിക്കുന്നതെന്നു വ്യക്തമാക്കാൻ ഇത്രത്തോളം വിസ്തരിക്കേണ്ടിവന്നു.

വിജയനും ആനന്ദും പരമേശ്വരനും കൈകാര്യം ചെയ്ത പ്രമേയം തികച്ചും വ്യത്യസ്തമായ കാഴ്ചപ്പാടിലും ആഖ്യാനശൈലിയിലും സി. രാധാകൃഷ്ണൻ അവതരിപ്പിക്കുന്നു. ദിനപ്പത്രങ്ങളുടെ ഘടന അനുസ്മരിപ്പിക്കുന്നതാണ് അദ്ദേഹത്തിന്റെ നോവൽശില്പം. ഒരു പ്രത്യേക ദർശനത്തിന്റെ പശ്ചാത്തലത്തിലല്ല പത്രത്തിൽ വാർത്തകൾ ചേർക്കുക. പരസ്പര വിരുദ്ധങ്ങളായ ദർശനങ്ങൾക്കു മുൻതൂക്കം നൽകുന്ന ഇനങ്ങൾതന്നെ ധാരാളമുണ്ടാകും. വായിക്കുന്നവരുടെ മാനസികസംസ്കാരമനുസരിച്ച് ഓരോവാർത്തയുടെയും പ്രാധാന്യം ഏറിയും കുറഞ്ഞുമിരിക്കും. വാർത്തകൾ സംവിധാനം ചെയ്തു ചേർക്കുന്നവർക്കു ശക്തമായ ഇഷ്ടാനിഷ്ടങ്ങളുണ്ടാവും. അതു നല്ല വായനക്കാർക്ക് അറിവുള്ളതാണ്. അവർ പത്രക്കടലാസിലൂടെ ലോകത്തെ അറിയുന്നു. പക്ഷേ, പത്രക്കാരുടെ ഇഷ്ടാനിഷ്ടങ്ങളിൽ കുടുങ്ങിപ്പോകുന്നില്ല.

നല്ല പത്രക്കാരൻ തന്റെ ദർശനത്തിന്റെ നിറക്കൂട്ട് വാർത്തകളിൽ ഏറെ കലർത്താറുമില്ല. എങ്കിലും അവരുടെ ആത്മാവിന്റെ ഗന്ധം വാക്കുകളെ അതിശയിച്ചു വാർത്തകളിൽ വ്യാപിച്ചു നിൽക്കുന്ന ഉജ്വല മുഹൂർത്തങ്ങളുണ്ടാവാം. സി. രാധാകൃഷ്ണന്റെ നോവൽ നല്ല പത്രംപോലെയാണ്. ഉത്തമബഹുജനമാധ്യമംതന്നെ. കാലത്തിന്റെ അടയാളങ്ങളാണ് അതിലുള്ളത്. വിഭിന്നങ്ങളായ ദർശനങ്ങളുടെ അരങ്ങാണത്. ജനങ്ങളുടെ ജിജ്ഞാസയും കൗതുകവും നിലനിർത്തുന്ന സംവിധാന കൗശലംകൊണ്ട് അനുഗൃഹീതമാണ് മുൻപേ പറക്കുന്ന പക്ഷികൾ.

ഗഹനമായ വായനയിൽ ആയിരമായിരം അഭിപ്രായാന്തരങ്ങളുടെ ഇരുണ്ട വഴികളിലേക്കു മനസ്സു കടന്നു ചെല്ലുന്നു. ഒരു ചോദ്യത്തിനും ഡോഗ്മയുടെയോ തത്ത്വത്തിന്റെയോ രൂപത്തിൽ ഉത്തരം ലഭിക്കുന്നില്ല. ആ സന്ദിഗ്ദ്ധതയുടെ ഇരുളിമയിൽ അവബോധത്തിന്റെ മിന്നൽപ്പിണരുകൾ ഉണ്ടായേക്കാം. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഒരു കൊളാഷിന്റെ (Collage) പ്രതീതി സൃഷ്ടിച്ചുകൊണ്ടു സി. രാധാകൃഷ്ണന്റെ നോവൽ വായനക്കാരന്റെ മനസ്സിൽ തങ്ങി നിൽക്കുന്നു. ○